LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം

26 [1995] ശ്രീ. ഷിബു ബേബിജോൺ:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഏജൻസിയായ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 14 ജില്ലാ ആഫീസുകളേയും മറ്റ് ആഡിറ്റ് ആഫീസുകളേയും ഡയറക്ടറേറ്റുമായി ബന്ധിപ്പിക്കുവാൻ നെറ്റ്വർക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഡയറക്ടറേറ്റിൽ ഫാക്സ്, റഫറൻസ് ലൈബ്രറി, കമ്പ്യൂട്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതു സംബന്ധിച്ചുള്ള ശുപാർശ സമർപ്പിക്കാൻ ലോക്കൽ ഫണ്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഫാക്സ്, കമ്പ്യൂട്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനെപ്പറ്റി പരിശോധിച്ചുവരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

27 [1996] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളുടെ ആഡിറ്റിന്റെ ചുമതലയാണ് നിർവ്വഹിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്രയും വിപുലമായ ചുമതലകളുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആഡിറ്റ് നിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;